(9) നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് എന്നിവയുമായി സഹകരിച്ചും കൊല്ലം ജില്ലയിൽ പടിഞ്ഞാറേ കല്ലടയിൽ 300 ഏക്കറിൽ 50 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ.

സൗരവൈദ്യുതിയ്ക്ക് ഗ്രിഡ് കണക്ഷൻ നൽകുന്നതിന് സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ "Grid Interactive Distributed Solar Energy System" എന്ന പേരിൽ ഒരു മാർഗ്ഗരേഖ ഇറക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖ എല്ലാത്തരം വൈദ്യുത ഉപഭോക്താക്കളേയും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ പ്രേരിപ്പിക്കുന്നു.

തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.സ്ഥലത്തെ പ്രവൃത്തി

3 (349) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ പഞ്ചായത്തിലെ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് ബോർഡിന്റെ ഏത് പ്രവൃത്തിക്കാണ് അംഗീകാരം നൽകിയതെന്ന് വെളിപ്പെടുത്താമോ ;

(ബി) നിർദ്ദിഷ്ട സ്ഥലത്ത് ഈ സാമ്പത്തിക വർഷം ഏതെങ്കിലും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രസ്തുത ഭൂമിയിൽ പുതിയ ടി.എം.ആർ. ഡിവിഷൻ സ്ഥാപിക്കുന്ന കാര്യം ബോർഡ് പരിശോധിച്ച് വരുന്നു.

കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ്ജ് കുടിശ്ശിക

4 (350) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് നിലവിൽ പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly